കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - പാരാമെഡിക്കൽ ഡിഗ്രി (ബി.ഫാം) കോഴ്സിന് ഗവ.ചിൽഡ്രൻസ് ഹോം അന്തേവാസികൾക്ക് സീറ്റ് സംവരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പ്

സ.ഉ (സാധാ) നം.1622/14/ആ.കു.വ തീയതി, തിരുവനന്തപുരം-20/05/2014

---

പരാമർശം:- 1. 31/07/2013-ലെ സാമൂഹ്യ നീതി ഡയറക്ടറുടെ പി.ഡി.എം.സി 4/27138/13 നമ്പർ കത്ത്.

2. സാമൂഹ്യ നീതി വകുപ്പിന്റെ 12335/എ.2/13/സാ.നീ.വ നമ്പർ കുറിപ്പ ഫയൽ

**ഉത്തരവ്**

സാമൂഹ്യ നീതി വകുപ്പിനു കീഴിലെ അന്തേവാസികളുടെ പഠനനിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ബി.ഫാം അഡ്മിഷൻ നേടുന്നതിന് അവർക്ക് സീറ്റുകൾ സംവരണം ചെയ്ത് നൽകണമെന്ന് സാമൂഹ്യ നീതി ഡയറക്ടർ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ചിൽഡ്രൻസ് ഹോമിലെ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ നാല് ഗവ.ഫാർമസി കോളേജുകളിലായി ആകെയുള്ള 160 ബി.ഫാം സീറ്റുകളിൽ 1 (ഒന്ന്) എണ്ണം, നിർബന്ധിത സംവരണ പരിധി/മെറിറ്റ് ക്വാട്ട ഇവയെ ബാധിക്കാതെ, സംവരണം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി അപേക്ഷകരുടെ അഭാവത്തിൽ, സാമൂഹ്യ നീതി വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ചിൽഡ്രൻസ് ഹോമുകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതും ഈ വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ലാ സാമൂഹ്യ നീതി ഓഫീസർ തയ്യാറാക്കേണ്ടതും ആയത് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ മുഖാന്തിരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. ഇതിൽ യോഗ്യതയുള്ള വിദ്യാർത്ഥിയെ കണ്ടെത്തി, വിദ്യാർത്ഥിയുടെ ആവശ്യാനുസരണം, ബന്ധപ്പെട്ട കോളേജിനു വിദ്യാർത്ഥിയെ സംബന്ധിച്ചുള്ള വിവരം നൽകേണ്ടതാണ്. ഇപ്രകാരമുള്ള സംവരണം സംബന്ധിച്ചുള്ള amendment സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വരുത്താൻ KUHS രജിസ്ട്രാർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. ബന്ധപ്പെട്ട കോളേജുകൾ ഈ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ദിലീപ്ഖാൻ.എ**

**ഡെപ്യൂട്ടി സെക്രട്ടറി**

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.

സാമൂഹ്യക്ഷേമ വകുപ്പ് (12335/എ 2/2013/സാ.നീ.വ കുറിപ്പ ഫയൽ)

Endt: PDMC 4/27138/13 തീയതി 30-5-2014

[illegible handwritten endorsement]

Joint Director